**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 41** **24-08-2022 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന ലോട്ടറി തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ സജി ചെറിയാൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ഇതര സംസ്ഥാന ലോട്ടറിയുടെ കടന്നുവരവ് തടയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനെതിരെ നിയമപരമായും ഭരണപരമായും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്തിനുള്ളിൽ നിലവിൽ ഇതര സംസ്ഥാന ലോട്ടറികൾ വില്ക്കപ്പെടുന്നില്ല. ചരക്ക് സേവന നികുതിയുടെ ഏകീകരണത്തിന്റെ പശ്ചാത്തലത്തിൽ ഇതര സംസ്ഥാന ലോട്ടറിയുടെ കടന്നു വരവ് മുൻകൂട്ടി കണ്ട് ഇതര സംസ്ഥാന ലോട്ടറി നടത്തിപ്പ് ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി 2005 ലെ കേരള പേപ്പർ ലോട്ടറി (റഗുലേഷൻ) റൂൾസ് 2018 ൽ ഭേദഗതി ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിനകത്ത് ലോട്ടറി വിതരണത്തിനായി രജിസ്റ്റർ ചെയ്തിരിക്കുന്ന സെല്ലിങ് ഏജന്റുമാർ നിർബന്ധമായും ചരക്കു സേവന നികുതി വകുപ്പ് നിർദ്ദേശിച്ചിരിക്കുന്ന ഇൻഫർമേഷൻ റിട്ടേൺ ഫയൽ ചെയ്തുമാത്രമേ വില്പന നടത്താൻ പാടുള്ളൂ എന്ന് ഉത്തരവ് നൽകി S R O നമ്പർ 470/2017, തിയതി 27.7.2017 പ്രകാരം ചരക്കു സേവന നികുതി റൂളുകളിൽ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽപന നടത്തുന്ന എജന്റുമാരോ ടി എജന്റുമാരാൽ നിയമിക്കപ്പെടുന്ന സബ് എജന്റുമാരോ റീടെയിലർമാരോ നിയമവിധേയമല്ലാത്ത ഇതര സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പടെയുള്ള നടപടികൾ ഏജന്റുമാർക്കെതിരെ സ്വീകരിക്കുമെന്നറിയിച്ച് സ. ഉ. (എം എസ് ) നമ്പർ 61 / 2017 /നി വ തീയതി 27 .07.2017 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഭാഗ്യക്കുറി വിൽപ്പനക്കാർക്ക് സഹായം നൽകുന്നതിന് പ്രത്യേകമായ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 2009 ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി പദ്ധതി വിജ്ഞാപന പ്രകാരം ക്ഷേമനിധിയിൽ അംഗത്വമെടുത്തതും സജീവാംഗത്വം നിലനിർത്തുന്നവരുമായ അംഗങ്ങളുടെ മക്കൾക്ക് വിവാഹ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, |

| | | | |
|---|---|---|---|
| | | | അംഗങ്ങൾക്ക് ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, മരണാനന്തര ധനസഹായം, പെൻഷൻ, കുടുംബ പെൻഷൻ, എല്ലാവർഷവും ഉത്സവബത്ത എന്നീ ആനുകൂല്യങ്ങൾ നല്കി വരുന്നുണ്ട്. കൂടാതെ അംഗങ്ങളായ അംഗപരിമിതരായ ഭാഗ്യക്കുറി വില്പനക്കാർക്ക് ട്രൈ സ്കൂട്ടർ, സ്വന്തമായി വില്പനശാലയില്ലാത്ത തൊഴിലാളികൾക്ക് ബീച്ച് അംബ്രല്ല, യൂണിഫോം എന്നിവയും നിധിയിലെ സാമ്പത്തിക നിലയുടെ അടിസ്ഥാനത്തിൽ നല്കിവരുന്നു. |
| (സി) | ഏജന്റ് മരണപ്പെടുന്ന സാഹചര്യത്തിൽ നോമിനിക്ക് ടിക്കറ്റുകൾ സംരക്ഷിച്ച് നൽകാൻ വ്യവസ്ഥ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഏജന്റുമാർ മരണപ്പെടുന്ന സാഹചര്യത്തിൽ നോമിനിക്ക് ടിക്കറ്റുകൾ സംരക്ഷിച്ച് നൽകാൻ നടപടി സ്വീകരിക്കാൻ 30/09/2021 ലെ GO (P) 85/2021 Taxes നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ 28/03/2022-ലെ SLTY/2086/2021/S2 ഉത്തരവു പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം ഏജന്റ് മരണപ്പെട്ടാൽ 30 ദിവസത്തിനകം ടിക്കറ്റ് അനുവദിച്ചുകിട്ടുന്നതിനായി നോമിനി നിശ്ചിത ഫാറത്തിൽ അതാത് ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. നോമിനി ഏജന്റല്ലെങ്കിൽ പുതുതായി ഏജൻസി എടുക്കേണ്ടതും നോമിനി ഏജന്റ് ആണെങ്കിൽ നിലവിലുള്ള ഏജൻസി നോമിനി ഏജൻസിയാക്കി മാറ്റേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ